"ഭരണഭാഷ-മാതൃഭാഷ"

വിവര പൊതുജന സമ്പർക്ക (ബി) വകുപ്പ്

വിവര പൊതുജന സമ്പർക്ക വകുപ്പ ഡയറക്ടറുടെ നടപടിക്രമം

(ഹാജർ:- സുഭാഷ് ടി വി ഐ.എ.എസ്)

---

പ്രൊസീഡിംഗ്സ് നമ്പർ. ബി4/1/2024-ഐ&പി.ആർ തീയതി, തിരുവനന്തപുരം (23-01-2025)

---

വിഷയം:- വിവര പൊതുജന സമ്പർക്ക വകുപ്പ് - ഡിജിറ്റൽ കണ്ടന്റ് ഫാക്ടറിയുമായി ബന്ധപ്പെട്ട പാനലിൽ ഉൾപ്പെടുന്നവർക്ക് പ്രതിഫലം നൽകുന്നതിന് നിരക്ക് നിശ്ചയിച്ച് ഉത്തരവാകുന്നു.

സൂചന: - 1) 08/01/2024 – ലെ 01/ബി4/2024/ഐ&പി.ആർ നമ്പർ ഉത്തരവ്

2) 05/09/2024 ലെ 01/ബി4/2024/ഐ&പി.ആർ നടപടിക്രമം

3) 07/01/2025-ൽ ചേർന്ന കോസ്റ്റ് ടെക്നിക്കൽ കമ്മിറ്റി യോഗ നടപടികുറിപ്പ്.

ഉത്തരവ്

വകുപ്പിലെ വിവിധ തലത്തിലുള്ള ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി സൂചന (1) പ്രകാരം ഡിജിറ്റൽ കണ്ടന്റ് ഫാക്ടറി സ്ഥാപിച്ചിരുന്നു. ഇതിനാവശ്യമായ തുക "2220-60-109-98 വീഡിയോ പബ്ലിസിറ്റി" ശീർ ഷകത്തിൽ വകയിരുത്തിയിട്ടുണ്ട്. ഡിജിറ്റൽ കണ്ടന്റ് ഫാക്ടറിയുടെ ഭാഗമായ സോഷ്യൽ മീഡിയ കണ്ടന്റുകൾ നിർമിക്കുന്നതിന്റെ ഭാഗമായി വീഡിയോ എഡിറ്റേഴസ്, ഗ്രാഫിക് ഡിസൈനേഴ്സ്, അനിമേറ്റേഴസ്, കോപ്പി എഡിറ്റേഴ്സ്, ആങ്കർമാർ, ഡബ്ബിംഗ് ആർടിസ്റ്റ് തുടങ്ങിയവരെ ഉൾപ്പെടുത്തി സോഷ്യൽ മീഡിയ കണ്ടന്റ് ക്രിയേറ്റേഴ്സിന്റെ പാനൽ രൂപകീരിക്കുന്നതിനുള്ള നോട്ടിഫിക്കേഷൻ പുറപ്പെടുവിക്കുന്നതിന് മുന്നോടിയായി പാനലിൽ ഉൾപ്പെടുന്നവർക്ക് പ്രതിഫലം നൽകുന്നതിനായി നിരക്കുകൾ നിശ്ചയിക്കുവാൻ സൂചന (2) പ്രകാരം കോസ്റ്റ് ടെക്നിക്കൽ കമ്മിറ്റി രൂപീകരിച്ച് ഉത്തരവായിരുന്നു.

പ്രസ്തുത യോഗം 07/01/2025 ന കൂടുകയുണ്ടായി. കോസ്റ്റ് ടെക്നിക്കൽ കമ്മിറ്റി യോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഡിജിറ്റൽ കണ്ടന്റുകളുടെ നിർമാണത്തിനായി രൂപീകരിക്കുന്ന വീഡിയോ എഡിറ്റേഴ്സ്, ഗ്രാഫിക് ഡിസൈനേഴ്സ് ആന്റ് അനിമേറ്റേഴ്സ്, സോഷ്യൽ മീഡിയ കോപ്പി എഡിറ്റേഴ്സ്, വോയ്സ് ഓവർ ഡബ്ബിംഗ്, അർട്ടിസ്റ്റ്, ആങ്കർ എന്നിവരുടെ പാനലിൽ

ഉൾപ്പെടുന്നവർക്ക് താഴെ പരാമർശിക്കുന്ന നിരക്കിൽ പ്രതിഫലം നിശ്ചയിച്ച് ഉത്തരവാകുന്നു.

| | | സമയ ദൈർഘ്യം | നിരക്ക് |
|---|---|---|---|
| 1. | റീലുകൾ, ഇൻഫോ വീഡിയോകൾ (വീഡിയോ ഫൂട്ടേജുകൾ ആവശ്യമെങ്കിൽ ഷൂട്ട് ചെയ്ത് നൽകും. ഷോർട്ട് സജഷൻസ് നൽകണം) | 3 0 സെക്കന്റ് മുതൽ മൂന്നു മിനിറ്റ് വരെ | വീഡിയോ ഒന്നിന് 750 രൂപ മുതൽ 1 5 0 0 രൂപ വരെ |
| 2. | മെറ്റീരിയലുകൾ വകുപ്പിൽ നിന്ന് നൽകുന്ന വീഡിയോയ്ക്ക് | 3 0 സെക്കന്റ് മുതൽ മൂന്നു മിനിറ്റ് വരെ | വീഡിയോ ഒന്നിന് 500 രൂപ മുതൽ 1 0 0 0 രൂപ വരെ |
| 3. | ഷോർട്ട് വീഡിയോ (വീഡിയോ മെറ്റീരിയലുകൾ, വോയ്സ് ഓവർ എന്നിവ നൽകും. ടെക്സ്റ്റ്, മ്യൂസിക്, മറ്റ് വാല്യൂ അഡിഷൻ എന്നിവ സ്വന്തം നിലയ്ക്ക് ചെയ്യണം.) | പരമാവധി ഒരു മിനിറ്റ് | വീഡിയോ ഒന്നിന് 1500 രൂപ മുതൽ 2 0 0 0 രൂപ വരെ |
| 4. | വീഡിയോ ഡോക്കുമെന്ററികൾ, (വീഡിയോ മെറ്റീരിയലുകൾ, വോയ്സ് ഓവർ എന്നിവ നൽകും. ടെക്സ്റ്റ്, മ്യൂസിക്, മറ്റ് വാല്യൂ എഡിഷൻ എന്നിവ സ്വന്തം നിലയ്ക്ക് ചെയ്യണം) | ഒരു മിനിറ്റ് മുതൽ മൂന്നു മിനിറ്റ് വരെ | വീഡിയോ ഒന്നിന് 2500 രൂപ മുതൽ 3 5 0 0 രൂപ വരെ |
| 5. | സർഗാത്മക പോസ്റ്ററുകൾ ബാനറുകൾ -ഡിസൈൻ | | ഒരു സിംഗിൾ യൂണിറ്റിന് 600 രൂപ |
| 6. | ലീഫ് ലെറ്റുകൾ, ബ്രോഷറുകൾ-ഡിസൈൻ | | പേജൊന്നിന് 500 രൂപ |
| 7. | കൂടുതൽ ഗ്രാഫിക്കൽ വർക്കുകൾ ആവശ്യമായ ക്രിയേറ്റീവ് പോസ്റ്ററുകൾക്ക് | പരമാവധി രണ്ട് മിനിറ്റ് | വീഡിയോ ഒന്നിന് 1000 രൂപ |
| 8. | ആനിമേറ്റഡ് ക്രിയേറ്റീവ് വർക്കുകൾ | പരമാവധി 30 സെക്കന്റ് | വീഡിയോ ഒന്നിന് 2000 രൂപ മുതൽ 3 0 0 0 രൂപ വരെ |
| 9. | കോപ്പിറൈറ്റിംഗ് | | ഒരു വർക്കിന് 500 രൂപ |
| 10. | വോയ്സ് ഓവർ, ഡബ്ബിംഗ് | ഒരു മിനിറ്റ് മുതൽ മൂന്നു മിനിറ്റ് വരെ | 5 0 0 രൂപ നിരക്കിൽ പരമാവധി 1500 രൂപ |
| 11. | ആങ്കർമാർ | ഒരു മിനിറ്റ് മുതൽ മൂന്നു മിനിറ്റ് വരെ | 5 0 0 രൂപ നിരക്കിൽ 1500 രൂപ വരെ |

ഇതിനാവശ്യമായ തുക "2220-60-109-98 വീഡിയോ പബ്ലിസിറ്റി" ശീർഷകത്തിൽ നിന്നും വഹിക്കേണ്ടതാണ്.

സുഭാഷ് ടി വി ഐ.എ.എസ്
ഡയറക്ടർ

1) എല്ലാ റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർമാർക്കും.
2) എല്ലാ ജില്ലാ ഇൻഫർമേഷൻ ഓഫീസർമാർക്കും
3) അഡീഷണൽ ഡയറക്ടർ (ഇഎംഡി)
4) ഡെപ്യൂട്ടി ഡയറക്ടർ (എംആർ)
5) ഇൻഫർമേഷൻ ഓഫീസർ, സിഎൻഇ
6) ഇൻഫർമേഷൻ ഓഫീസർ, പ്രസ് റിലീസ്
7) ഇൻഫർമേഷൻ ഓഫീസർ, വെബ് ആൻഡ് ന്യൂ മീഡിയ
8) അക്കൗണ്ട്സ് ഓഫീസർ,ഐ&പി.ആർ
9) സൗണ്ട് എഞ്ചിനീയർ (കേരള സ്റ്റേറ്റ് ഫിലിം ഡെവലപ്മെന്റ് കോർപ്പറേഷൻ)
10) കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Suja H
Date: 23-01-2025 16:36:31
സെക്ഷൻ ഓഫീസർ.